# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **480** | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.റ്റി. മൂലമുണ്ടായ വില വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.റ്റി. നികുതി സമ്പ്രദായം നിലവിൽ വന്നപ്പോൾ പല ഉൽപന്നങ്ങൾക്കും വില വർദ്ധനവ് ഉണ്ടായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും വ്യാപാരസംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നല്കിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തി വരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.റ്റി. നിലവിൽ വന്നതിനെ തുടർന്ന് ഹോട്ടലുകളിൽ വില വർദ്ധനവ് അനുഭവപ്പെട്ടത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ജി.എസ്.ടി നിലവിൽ വന്നതിനെ തുടർന്ന് ഹോട്ടൽ ഭക്ഷണങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായതായി പല ഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ഹോട്ടൽ വ്യവസായികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**